"ഭരണഭാഷ-മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4152 | 24.06.2019 ൽ മറുപടിയ്ക്ക്.

**വന്യമൃഗാക്രമണം മൂലമുള്ള ദുരിതത്തെക്കുറിച്ച് പഠിക്കാൻ കമ്മീഷൻ**

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗാക്രമണം മൂലം കർഷകർ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും വിദഗ്ധ കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) ഇത്തരത്തിൽ രൂപീകരിക്കുന്ന കമ്മീഷനിൽ ജനപ്രതിനിധികളെയും കർഷക നേതാക്കളെയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) & (ബി) നിലവിൽ കേരളത്തിൽ വന്യജീവി ആക്രമണ സംഭവങ്ങൾ വർദ്ധിച്ചു വരുന്ന അടിയന്തിര സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത പ്രശ്നത്തിന്റെ വിവിധ വശങ്ങളെ കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുവാൻ ഡെറാഡൂണിലെ വാൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റെ (PTCF) ന്റെ പങ്കാളിത്തത്തോടെയാണ് പ്രസ്തുത പഠനം നടത്തുന്നത്. നിലവിൽ അവലംബിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങളുടെ കാര്യശേഷി സംബന്ധിച്ചും, ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതും, ജീവനക്കാർക്ക് അടിയന്തിര സാഹചര്യത്തെ നേരിടാൻ പരിശീലനവും, മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിനായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കൽ എന്നിവ പ്രസ്തുത പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 18.88 ലക്ഷം രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. പഠനം നടത്തി വിവരശേഖരണം നടത്തി വരുന്നു.<br><br>എന്നാൽ, ഇത്തരം കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ നിലവിൽ തീരുമാനമൊന്നും കൈകൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ